പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3262 21.08.2017-ലെ മറുപടിക്ക്

## ഷെഡ്യൂളുകളുടെ അനുമതി

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് വിവിധ വിഭാഗങ്ങളിലായി 2016 ആഗസ്റ്റ് മാസത്തിൽ ഓപ്പറേറ്റ്ചെയ്ത ഷെഡ്യൂളുകൾ എത്രയെന്നും 2017 ആഗസ്റ്റ് മാസത്തിലെ ഷെഡ്യൂളുകളുടെ അനുമതിയും പട്ടിക തിരിച്ച് അറിയിക്കാമോ;</td><td>(എ)</td><td>കെ.എസ്.ആർ.ടി.സി ചാത്തന്നൂർ ഡിപ്പോയിൽ നിന്നും 2016 ആഗസ്റ്റ് മാസത്തിൽ 13 ഫാസ്റ്റ് പാസഞ്ചറുകളും 46 ഓർഡിനറികളും, 3 ജൻറം (നോൺ എ.സി) സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തിൽ 12 ഫാസ്റ്റ് പാസഞ്ചറുകളും 44 ഓർഡിനറികളും 6 ജൻറം (നോൺ എ.സി) സർവ്വീസുകളും ഓപ്പറേറ്റ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിൽ എത്ര ബസ്സുകൾ ഉണ്ടെന്നുംവ്യക്തമാക്കാമോ;</td><td>(ബി)</td><td>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ യുടെ ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം താഴെ പറയും പ്രകാരമാണ്.<br><table><tr><th>ഇനം</th><th>ഷെഡ്യൂൾ</th><th>നിലവിലുള്ള ബസുകളുടെ എണ്ണം</th><th>ആവശ്യമായ ബസുകളുടെ എണ്ണം</th></tr><tr><td>ഫാസ്റ്റ്</td><td>12</td><td>11</td><td>13</td></tr><tr><td>ഓർഡിനറി</td><td>44</td><td>41</td><td>48</td></tr><tr><td>ജൻറം</td><td>6</td><td>6</td><td>6</td></tr><tr><td>ആകെ</td><td>62</td><td>58</td><td>67</td></tr></table><br>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 6 നോൺ എ.സി ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണ് ഉള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 67</td></tr>
</table>

| | | | |
|---|---|---|---|
| | | | ബസുകളാണ് ആവശ്യമായിട്ടുള്ളത്. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 6 ജൻറം ബസുകൾ ഉൾപ്പെടെ 58 ബസുകൾ ആണ് ഉള്ളത്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (സി) | അനുമതി നല്കിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ; | (സി) | അനുമതി നൽകിയിട്ടുള്ള ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 148 കണ്ടക്ടർമാരെയും 148 ഡ്രൈവർമാരെയും ആവശ്യമുണ്ട്. നിലവിൽ 120 ഡ്രൈവർമാരും, 154 കണ്ടക്ടർമാരുമുണ്ട്. |
| (ഡി) | പൂർണ്ണമായും നിർത്തലാക്കിയ പ്രാദേശിക സർവ്വീസുകൾ എത്രയെന്നും സർവ്വീസ് മുടങ്ങിയിട്ടുള്ള പ്രാദേശിക സർവ്വീസുകൾ എത്രയെന്നും വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | ഒരു സർവ്വീസും പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. |
| (ഇ) | ആയത് പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**